കേരള സർക്കാർ

<u>സംഗ്രഹം</u>

പരിസ്ഥിതി വകുപ്പ് - കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പുന:സംഘടിപ്പിച്ചത് - ബോർഡ് അംഗങ്ങളുടെ പട്ടികയിൽ ജോയിന്റ് സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് എന്നതിനു പകരം അഡീഷണൽ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് എന്ന് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

പരിസ്ഥിതി (എ) വകുപ്പ്

സ.ഉ.(കൈ)നം.03/2020/പരി തീയതി, തിരുവനന്തപുരം, 05/02/2020

പരാമർശം:- 1) സ.ഉ.(കൈ)നം.03/2019/പരി തീയതി 07.09.2019.

2) ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 06-11-2019 ലെ G1/391/2019/H&FWD നം കത്ത്.

3) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാന്റെ 04-12-2019 ലെ PCB/E2/14743/2014 നം കത്ത്.

<u>ഉത്തരവ്</u>

പരാമർശം 1 സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പുന:സംഘടിപ്പിച്ച് ഉത്തരവായിരുന്നു. ടി ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള ബോർഡ് അംഗങ്ങളുടെ പട്ടികയിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ജോയിന്റ് സെക്രട്ടറി എന്നതിനു പകരം അഡീഷണൽ സെക്രട്ടറി എന്ന് തിരുത്തി ഉത്തരവാകണമെന്ന് ആരോഗ്യ കുടുംബക്ഷേമ വകുപ്പും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാനും യഥാക്രമം പരാമർശം 2, 3 കത്തുകൾ പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1 സർക്കാർ ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള ബോർഡ് അംഗങ്ങളുടെ പട്ടികയിൽ ക്രമ നം. 2(4) ൽ രേഖപ്പെടുത്തിയിട്ടുള്ള ' ജോയിന്റ് സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്' എന്നതിനു പകരം 'അഡീഷണൽ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്' എന്ന് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

വത്സ.വി

അഡീഷണൽ സെക്രട്ടറി

To

1) ചെയർമാൻ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, തിരുവനന്തപുരം.

2) മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, തിരുവനന്തപുരം.

3) എല്ലാ അംഗങ്ങൾക്കും (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി മുഖേന).

4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്) കേരള. തിരുവനന്തപുരം.

5) ധനകാര്യ വകുപ്പ്.

6) ആരോഗ്യ കുടുംബക്ഷേമ വകുപ്പ്.

7) ഡയറക്ടർ. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

8) കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

A1/326/19-Estt.